# പതിനാലാം കേരള നിയമസഭ

## പതിനാറാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ : 870      30.10.2019 -ന് മറുപടിയ്ക്ക്

### കുംഭാര വിഭാഗത്തിന് നൽകുന്ന ആനുകൂല്യം

| ചോദ്യം | മറുപടി |
|---|---|
| **ശ്രീ. വി. അബ്ദുറഹിമാൻ :** | **ശ്രീ. എ. കെ. ബാലൻ**<br>(പട്ടികജാതി - പട്ടികവർഗ്ഗ പിന്നാക്ക സമുദായ ക്ഷേമവും നിയമവും സാംസ്കാരികവും പാർലമെന്ററികാര്യവും വകുപ്പ് മന്ത്രി) |
| (എ) സംസ്ഥാനത്തെ മൺപാത്ര തൊഴിലാളികളുടെ മക്കൾക്ക് സ്കോളർഷിപ്പുകളും ഗ്രാന്റുകളും ഉൾപ്പെടെയുള്ള മറ്റ് ആനുകൂല്യങ്ങൾ ലഭിക്കുന്നില്ല എന്ന പരാതി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ; | (എ) ശ്രദ്ധയിൽപ്പെട്ടിട്ടില്ല. |
| (ബി) കുംഭാരന്മാർക്ക് കൂടുതൽ സംവരണാനുകൂല്യങ്ങളും വിദ്യാർത്ഥികൾക്ക് അർഹിക്കുന്ന സ്കോളർഷിപ്പുകളും ലഭ്യമാക്കുന്നതിന് നടപടി സ്വീകരിക്കുമോ ; | (ബി) കൂടുതൽ സംവരണാനുകൂല്യം ഇപ്പോൾ പരിഗണനയിൽ ഇല്ല. നിലവിലുള്ള സർക്കാർ ഉത്തരവുകളുടെ അടിസ്ഥാനത്തിൽ ഒ.ഇ.സി. വിഭാഗത്തിൽപ്പെട്ട, കുംഭാര സമുദായത്തിലെ വിദ്യാർത്ഥികൾക്ക് അർഹമായ വിദ്യാഭ്യാസാനുകൂല്യങ്ങൾ വകുപ്പിൽ നിന്നും അനുവദിച്ച് വരുന്നുണ്ട്. |
| (സി) നിലവിൽ കുംഭാരവിഭാഗത്തിന് നൽകി വരുന്ന ആനുകൂല്യങ്ങൾ എന്തെല്ലാമാണെന്ന് വ്യക്തമാക്കാമോ ? | (സി) നിലവിൽ ഒ.ഇ.സി. വിഭാഗത്തിൽപ്പെട്ട, കുംഭാര സമുദായത്തിലെ വിദ്യാർത്ഥികൾക്ക് പ്രീമെട്രിക് തലത്തിലും പോസ്റ്റ്മെട്രിക് തലത്തിലും പട്ടികജാതിക്കാർക്ക് ലഭ്യമാകുന്ന നിരക്കിൽ വിദ്യാഭ്യാസാനുകൂല്യം നൽകി വരുന്നുണ്ട്. പരമ്പരാഗത മൺപാത്ര നിർമ്മാണ തൊഴിലാളികൾക്ക് തൊഴിൽ അഭിവൃദ്ധിപ്പെടുത്തുന്നതിന് വേണ്ടി രണ്ട് ഗഡുക്കളായി പരമാവധി 50,000/- രൂപ ധനസഹായം നൽകി വരുന്നു. കുംഭാര കോളനികളുടെ നവീകരണത്തിനായി പ്രത്യേക പദ്ധതിയും വകുപ്പ് നടപ്പിലാക്കി വരുന്നു. |

സെക്ഷൻ ഓഫീസർ